# നിയമനിർമ്മാണ സഭയെ സംബന്ധിച്ചുള്ള ചോദ്യങ്ങൾ

1. തിരുവിതാംകൂർ ലെജിസ്ലേറ്റീവ് കൗൺസിൽ രൂപീകരിച്ചുകൊണ്ടുള്ള റെഗുലേഷൻ പാസ്സാക്കിയ രാജാവ് ?

   (A) സ്വാതിതിരുനാൾ (B) ശ്രീമൂലം തിരുനാൾ രാമവർമ്മ

   (C) ശ്രീമൂലം തിരുനാൾ രവിവർമ്മ

2. തിരുവിതാംകൂർ ലെജിസ്ലേറ്റീവ് കൗൺസിന്റെ പ്രഥമ പ്രസിഡന്റ് ?

   (A) ദിവാൻ മാധവ റാവു (B) ദിവാൻ രാമറാവു (C) ദിവാൻ രാമരായർ

3. പ്രഥമ തിരുവിതാംകൂർ ലെജിസ്ലേറ്റീവ് കൗൺസിലിൽ എത്ര അനൗദ്യോഗികങ്ങൾ ഉണ്ടായിരുന്നു ?

   (A) രണ്ട് (B) മൂന്ന് (C) അഞ്ച്

4. താഴെപ്പറയുന്നവരിൽ ഒരാൾ പ്രഥമ തിരുവിതാംകൂർ ലെജിസ്ലേറ്റീവ് കൗൺസിലിൽ അംഗമായിരുന്നു. ആരാണ് പ്രസ്തുത അംഗം ?

   (A) കൃഷ്ണസ്വാമി റാവു (B) കെ. കെ. കുരുവിള (C) പി. എസ്. ശിവൻപിള്ള

5. തിരുവിതാംകൂർ ലെജിസ്ലേറ്റീവ് കൗൺസിലിന്റെ പ്രഥമയോഗം ചേർന്ന ദിവസം ?

   (A) 1888 ആഗസ്റ്റ് 23 (B) 1887 ആഗസ്റ്റ് 22 (C) 1889 ആഗസ്റ്റ് 23

6. പ്രഥമ തിരുവിതാംകൂർ ലെജിസ്ലേറ്റീവ് കൗൺസിലിന്റെ അംഗസംഖ്യ എത്ര ?

   (A) പത്ത് (B) എട്ട് (C) പതിനഞ്ച്

7. തിരുവിതാംകൂർ ലെജിസ്ലേറ്റീവ് കൗൺസിലിന്റെ കാലാവധി എത്ര വർഷമായിരുന്നു ?

   (A) മൂന്ന് വർഷം (B) നാല് വർഷം (C) അഞ്ച് വർഷം

8. പ്രഥമ തിരുവിതാംകൂർ ലെജിസ്ലേറ്റീവ് കൗൺസിലിൽ സെക്രട്ടറിയുടെ ചുമതല വഹിച്ചിരുന്ന അംഗം ആര് ?

   (A) എസ്. ശങ്കരസുബ്ബയ്യർ (B) എഫ്. വാട്ട്സ് (C) പി. താണുപിള്ള

9. 1898-ലെ ഒരു റഗുലേഷൻ മുഖാന്തിരം തിരുവിതാംകൂർ ലെജിസ്ലേറ്റീവ് കൗൺസിലിന്റെ അംഗസംഖ്യ വർദ്ധിപ്പിക്കുകയുണ്ടായി. പുതിയ അംഗസംഖ്യ എത്രയായിരുന്നു ?

   (A) പന്ത്രണ്ട് (B) പതിനഞ്ച് (C) ഇരുപത്

10. 1898-ലെ തിരുവിതാംകൂർ ലെജിസ്ലേറ്റീവ് കൗൺസിൽ റഗുലേഷൻ മുഖേന കൗൺസിലിനെ മറികടന്ന് അത്യാവശ്യ ഘട്ടങ്ങളിൽ റഗുലേഷനുകൾ ഉണ്ടാക്കി മഹാരാജാവിന് സമർപ്പിക്കുന്നതിനുള്ള അധികാരം ദിവാന് നല്കിയിരുന്നു. അപ്രകാരം തയ്യാറാക്കുന്ന റഗുലേഷനുകൾക്ക് ഗസറ്റിൽ പ്രസിദ്ധീകരിച്ച ശേഷം എത്ര സമയ പ്രാബല്യമാണ് ഉണ്ടായിരുന്നത് ?

    (A) രണ്ട് മാസം (B) നാല് മാസം (C) ആറ് മാസം

11. 1904 ഒക്ടോബർ 1-ാം തീയതിയിലെ ഉത്തരവുമൂലം നിലവിൽവന്ന ശ്രീമൂലം പോപ്പുലർ അസംബ്ലിയിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നതിന് നിശ്ചയിച്ചിരുന്ന കുറഞ്ഞ പ്രായപരിധി എത്ര ?

    (A) ഇരുപത് വയസ്സ് (B) ഇരുപത്തഞ്ച് വയസ്സ് (C) പതിനെട്ട് വയസ്സ്

12. ശ്രീമൂലം പോപ്പുലർ അസംബ്ലിയുടെ പ്രഥമയോഗം ചേർന്ന വർഷവും ദിവസവും ?

(A) 1904 ഒക്ടോബർ 12 (B) 1904 ഒക്ടോബർ 22

(C) 1905 ജനുവരി 1

13. ശ്രീമൂലം പോപ്പുലർ അസംബ്ലി രൂപീകൃതമായത് ഏത് ദിവാന്റെ കാലത്താണ് ?

(A) ടി രാമറാവു (B) വി. പി. മാധവറാവു

(C) സി. പി. രാമസ്വാമി അയ്യർ

14. ശ്രീമൂലം പോപ്പുലർ അസംബ്ലിയുടെ പ്രഥമയോഗം ചേർന്ന മന്ദിരം ?

(A) സെക്രട്ടേറിയറ്റിലെ ദിവാന്റെ ചേംബറിൽ (B) വി. ജെ. റ്റി. ഹാളിൽ

(C) സെക്രട്ടേറിയറ്റിലെ നിയമസഭാ മന്ദിരം

15. ട്രാവൻകൂർ സ്റ്റേറ്റ് മാനുവൽ എഴുതിയ വ്യക്തി 1891-ലെയും 1894-ലെയും 1904-ലെയും തിരുവിതാംകൂർ ലെജിസ്ലേറ്റീവ് കൗൺസിലിൽ അംഗമായിരുന്നു. ആരാണ് ആ വ്യക്തി ?

(A) പി. താണുപിള്ള (B) കേരള വർമ്മ വലിയകോയി തമ്പുരാൻ (C) നാഗം അയ്യ

16. ശ്രീമൂലം പ്രജാസഭയിലേക്ക് ആദ്യ തെരഞ്ഞെടുപ്പ് നടന്ന വർഷം ?

(A) 1905 (B) 1906 (C) 1910

17. ശ്രീമൂലം പ്രജാസഭയിലേക്ക് നടന്ന പ്രഥമ തെരഞ്ഞെടുപ്പിൽ എത്ര അംഗങ്ങൾ തെരഞ്ഞെടുപ്പിലൂടെ സഭയിലെത്തി ?

(A) 66 (B) 77 (C) 87

18. ശ്രീമൂലം പ്രജാസഭയുടെ കാലാവധി എത്ര വർഷം ?

(A) ഒരു വർഷം (B) രണ്ട് വർഷം (C) മൂന്ന് വർഷം

19. മലയാളക്കരയിലെ ഒരു നിയമസഭാ തെരഞ്ഞെടുപ്പിൽ ജനങ്ങൾക്ക് ആദ്യമായി വോട്ട് ചെയ്യുവാനുള്ള അവകാശം ലഭിച്ചത് ഏത് വർഷം ?

(A) 1905 ആഗസ്റ്റ് (B) 1906 ആഗസ്റ്റ് (C) 1907 ആഗസ്റ്റ്

20. സ്ത്രീകൾക്ക് ശ്രീമൂലം പ്രജാസഭയിൽ അംഗങ്ങളാകാനുള്ള അവകാശം ലഭിച്ച വർഷം ?

(A) 1915 (B) 1920 (C) 1930

21. തിരുവിതാംകൂർ ലെജിസ്ലേറ്റീവ് കൗൺസിലിൽ അംഗമായ പ്രഥമ വനിത ?

(A) മേരി പുന്നൻ ലൂക്കോസ് (B) അന്ന ചാണ്ടി

(C) കൊടിവീട്ടിൽ ബി. രുദ്രാണി

22. മഹാകവി കുമാരനാശാൻ ശ്രീമൂലം പോപ്പുലർ അസംബ്ലിയിലും കൗൺസിലിലും അംഗമായിരുന്നു. ഏത് വർഷമാണ് അദ്ദേഹം ആദ്യമായി പോപ്പുലർ അസംബ്ലിയിൽ അംഗമായത് ?

(A) 1905 (B) 1908 (C) 1911

23. മഹാകവി ഉള്ളൂർ എസ്. പരമേശ്വരയ്യർ തിരുവിതാംകൂർ ലെജിസ്ലേറ്റീവ് കൗൺസിലിൽ അംഗമായിരുന്നു. ഏത് കൗൺസിലിലാണ് അദ്ദേഹം ആദ്യമായി അംഗമായത് ?

(A) 1914-17 കൗൺസിൽ (B) 1917-20 കൗൺസിൽ (C) 1920-22 കൗൺസിൽ

24. വ്യക്തിയുടെ തിരുവിതാംകൂർ പ്രജാസഭാ പ്രവേശനത്തിന്റെ നൂറാം വാർഷികം 2012-ൽ ആഘോഷിക്കുകയുണ്ടായി. ആരാണ് ആ വ്യക്തി ?

(A) കെ. എം. മാമൻ മാപ്പിള (B) അയ്യൻകാളി (C) കുമാരനാശാൻ

25. 1919-ലെ തിരുവിതാംകൂർ ലെജിസ്ലേറ്റീവ് കൗൺസിൽ റെഗുലേഷൻ മുഖേന കൗൺസിലിന്റെ അംഗസംഖ്യ വർദ്ധിപ്പിക്കുകയുണ്ടായി. പരമാവധി അംഗസംഖ്യ എത്രയായിട്ടാണ് വർദ്ധിപ്പിച്ചത് ?

(A) 16 (B) 20 (C) 25

26. തിരുവിതാംകൂർ ലെജിസ്ലേറ്റീവ് കൗൺസിൽ അംഗങ്ങൾക്ക് ബഡ്ജറ്റ് ചർച്ച ചെയ്യുന്നതിനുള്ള അവകാശം ലഭിച്ച വർഷം ?

(A) 1917 (B) 1920 (C) 1921

27. 'ചോദ്യം ചോദിക്കുക എന്നത് നിയമസഭാംഗങ്ങളുടെ പരമമായ അവകാശമാണ്' എന്നാണ് പ്രസ്തുത അവകാശം തിരുവിതാംകൂറിലെ സാമാജികർക്ക് ലഭിച്ചത് ?

(A) 1920 ഏപ്രിൽ 7 (B) 1921 ഏപ്രിൽ 7 (C) 1922 ഏപ്രിൽ 7

28. തിരുവിതാംകൂറിൽ സഭ നിയന്ത്രിക്കുന്നതിന് ലെജിസ്ലേറ്റീവ് കൗൺസിലിൽ ഒരു ഡെപ്യൂട്ടി പ്രസിഡന്റിനെ ആദ്യമായി നിയമിച്ച വർഷം ?

(A) 1919 (B) 1920 (C) 1922

29. 1921-ലെ തിരുവിതാംകൂർ റെഗുലേഷൻ മുഖേന ആദ്യമായി കൗൺസിലിലെ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ സംഖ്യ നോമിനേറ്റ് ചെയ്ത അംഗങ്ങളെക്കാൾ കൂടുതലായി. എത്രയായിരുന്നു തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ അംഗസംഖ്യ ?

(A) 25 (B) 26 (C) 28

30. തിരുവിതാംകൂർ ലെജിസ്ലേറ്റീവ് കൗൺസിൽ അംഗങ്ങൾക്ക് സംസാരസ്വാതന്ത്ര്യം അനുവദിച്ച ദിവസം ?

(A) 1930 ജനുവരി 12 (B) 1947 ആഗസ്റ്റ് 14 (C) 1933 ജനുവരി 12

31. തിരുവിതാംകൂറിൽ നിയമപരമായി ഒരു ദ്വിമണ്ഡല സംവിധാനം നിലവിൽ വന്ന വർഷം ?

(A) 1931 ജനുവരി 1 (B) 1932 ജനുവരി 1 (C) 1933 ജനുവരി 1

32. ശ്രീചിത്തിര സ്റ്റേറ്റ് കൗൺസിലിൽ കൗൺസിലിന്റെ അംഗസംഖ്യ എത്രയായിരുന്നു ?

(A) 35 (B) 37 (C) 40

33. ശ്രീമൂലം അസംബ്ലിയിലെ മൊത്തം അംഗസംഖ്യ എത്ര ?

(A) 70 (B) 72 (C) 75

34. തെരഞ്ഞെടുപ്പിലൂടെ ആദ്യമായി ശ്രീമൂലം അസംബ്ലിയുടെ ഡെപ്യൂട്ടി പ്രസിഡന്റായ വ്യക്തി ?

(A) റ്റി. കെ. വേലുപ്പിള്ള (B) പി. താണുപിള്ള (C) ചട്ടനാഥ കരാളയാർ

35. നിയമസഭാ ചോദ്യത്തിന് നോട്ടീസ് നല്കിയ അംഗമല്ലാത്ത നിയമസഭാ സാമാജികർക്ക് ഉപചോദ്യം ചോദിക്കുന്നതിനുള്ള അവകാശം തിരുവിതാംകൂറിൽ ലഭിച്ച വർഷം ?

(A) 1921 (B) 1930 (C) 1933

36. സഭ നിയന്ത്രിക്കുന്നതിന് ചെയർമാൻമാരുടെ പാനലിനെ ആദ്യമായി നിയോഗിച്ചത് എന്ന് ?

(A) 1930 (B) 1932 (C) 1933

37. ശ്രീചിത്തിരാ സ്റ്റേറ്റ് കൗൺസിലിന്റെ കാലാവധി എത്ര വർഷം ?

(A) മൂന്ന് വർഷം (B) നാല് വർഷം (C) അഞ്ച് വർഷം

38. ശ്രീചിത്തിരാ സ്റ്റേറ്റ് കൗൺസിലിന്റെയും ശ്രീമൂലം അസംബ്ലിയുടെയും സംയുക്ത സമ്മേളനത്തിൽ ഒരു വിഷയം പാസ്സാകുന്നതിന് എത്ര വോട്ടിന്റെ ഭൂരിപക്ഷം ആവശ്യമായിരുന്നു ?

(A) ഒരു വോട്ട് (B) അഞ്ച് വോട്ടിൽ കുറയാത്ത ഭൂരിപക്ഷം

(C) പത്ത് വോട്ടിൽ കുറയാത്ത ഭൂരിപക്ഷം

39. പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയാണ് നമ്മുടെ സഭയിലെ ആദ്യകാല കമ്മിറ്റി. ഏതുവർഷമാണ് പ്രസ്തുത കമ്മിറ്റി ആദ്യമായി രൂപീകരിച്ചത് ?

(A) 1930 (B) 1932 (C) 1933

40. തിരുവിതാംകൂറിലെ അംഗങ്ങൾക്ക് ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേൽ കട്ട് മോഷൻ അവതരിപ്പിക്കുവാനുള്ള അവകാശം ഏത് വർഷം ലഭിച്ചു ?

(A) 1920 (B) 1931 (C) 1933

41. സഭ പാസ്സാക്കുന്ന ബില്ലുകൾ സഭയുടെ പുനഃപരിശോധനയ്ക്കായി തിരിച്ചയയ്ക്കുവാനുള്ള അവകാശം ദിവാന് ഏത് വർഷത്തെ റെഗുലേഷൻ വഴിയാണ് ലഭിച്ചത് ?

(A) 1930-ലെ റെഗുലേഷൻ 2 (B) 1931-ലെ റെഗുലേഷൻ 2

(C) 1932-ലെ റെഗുലേഷൻ 2

42. ശ്രീമൂലം അസംബ്ലിയിൽ പിന്നോക്കവിഭാഗങ്ങൾക്കായി എത്ര സീറ്റ് സംവരണം ചെയ്തിരുന്നു ?

(A) 10 (B) 12 (C) 14

43. സ്വതന്ത്ര തിരുവിതാംകൂർ സംബന്ധിച്ച ഒരു രാജകീയ പ്രസ്താവന ശ്രീചിത്തിര തിരുനാൾ മഹാരാജാവ് ആകാശവാണി വഴി നല്കിയിരുന്നു. എന്നായിരുന്നു അത് ?

(A) 1947 ജൂലൈ 18 (B) 1947 ആഗസ്റ്റ് 14 (C) 1947 ആഗസ്റ്റ് 15

44. തിരുവിതാംകൂറിൽ ഉത്തരവാദിത്വ ഭരണം സംബന്ധിച്ച വിളംബരം പുറപ്പെടുവിച്ച ദിവസം ?

(A) 1947 ആഗസ്റ്റ് 15 (B) 1947 സെപ്റ്റംബർ 1 (C) 1947 സെപ്റ്റംബർ 4

45. 1947-ൽ രൂപീകൃതമായ റിഫോംസ് കമ്മിറ്റിയുടെ അദ്ധ്യക്ഷൻ ആരായിരുന്നു. ?

(A) റ്റി. എം. വർഗ്ഗീസ് (B) എ. ജെ. ജോൺ (C) പട്ടം താണുപിള്ള

46. റിഫോംസ് കമ്മിറ്റി അതിന്റെ റിപ്പോർട്ട് തയ്യാറാക്കുന്നതിനായി എത്ര യോഗങ്ങൾ ചേർന്നിരുന്നു ?

(A) 20 (B) 22 (C) 25

47. റിഫോംസ് കമ്മിറ്റി തിരുവിതാംകൂർ റെപ്രസേന്റേറ്റീവ് ബോഡിയിൽ പ്രത്യേക ജനവിഭാഗങ്ങൾക്കായി എത്ര സീറ്റ് നീക്കിവയ്ക്കാനാണ് ശുപാർശ ചെയ്തത് ?

(A) 25 (B) 35 (C) 40

48. തിരുവിതാംകൂർ റെപ്രസേന്റേറ്റീവ് ബോഡിയുടെ പ്രഥമ യോഗം ചേർന്ന ദിവസം ?

(A) 1948 മാർച്ച് 15 (B) 1948 മാർച്ച് 20 (C) 1948 മാർച്ച് 24

49. തിരുവിതാംകൂർ റെപ്രസേന്റേറ്റീവ് ബോഡിയുടെ അദ്ധ്യക്ഷനായി തെരഞ്ഞെടുക്കപ്പെട്ട വ്യക്തി ?

(A) എ. ജെ. ജോൺ (B) റ്റി. എം. വർഗ്ഗീസ് (C) ആർ. വി. തോമസ്

50. തിരുവിതാംകൂറിലെ പ്രഥമ പ്രധാനമന്ത്രി ആര് ?

(A) പട്ടം താണുപിള്ള (B) പനമ്പിള്ളി ഗോവിന്ദമേനോൻ (C) എ. ജെ. ജോൺ

51. കൊച്ചി ലെജിസ്ലേറ്റീവ് കൗൺസിൽ നിലവിൽ വന്ന വർഷം ?

(A) 1920 (B) 1923 (C) 1925

52. പ്രഥമ കൊച്ചി ലെജിസ്ലേറ്റീവ് കൗൺസിലിലെ അംഗസംഖ്യ ?

(A) 40 (B) 45 (C) 50

53. കൊച്ചിൻ ലെജിസ്ലേറ്റീവ് കൗൺസിലിന്റെ ഉദ്ഘാടന യോഗം നടന്ന സ്ഥലം ?

(A) ഹിൽ പാലസ്സിലെ ഡർബാർ ഹാൾ (B) കൊച്ചിൻ ഠൗൺ ഹാൾ

(C) കൊച്ചിൻ മുൻസിപ്പൽ ഹാൾ

54. കൊച്ചി ലെജിസ്ലേറ്റീവ് കൗൺസിന്റെ പ്രഥമ പ്രസിഡന്റ് ?

(A) സി. ജി. ഹർബർട്ട് (B) ടി. എസ്. നാരായണ അയ്യർ

(C) എ. എഫ്. ഡബ്ല്യൂ. ഡിക്സൺ

55. കൊച്ചിൻ ലെജിസ്ലേറ്റീവ് കൗൺസിലിലെ പ്രഥമ വനിതാ അംഗം ആര് ?

(A) തോട്ടക്കാട് മാധവി അമ്മ (B) ശ്രീമതി ജി. പവിത്രൻ

(C) പാർവ്വതി നെന്മിനി മംഗലം

56. കൊച്ചിൻ ലെജിസ്ലേറ്റീവ് കൗൺസിലിന്റെ പ്രഥമ സെക്രട്ടറി ആര് ?

(A) സി. ജെ. മാത്യു (B) ടി. കെ. കൃഷ്ണമേനോൻ (C) എ. ബി. സലാം

57. കൊച്ചിൻ ലെജിസ്ലേറ്റീവ് കൗൺസിലിന്റെ പ്രഥമ ഡെപ്യൂട്ടി പ്രസിഡന്റ് ആര് ?

(A) കൊച്ചുണ്ണി മേനോൻ (B) ഡോ: എ. ഗോവിന്ദമേനോൻ

(C) പനമ്പിള്ളി ഗോവിന്ദമേനോൻ

58. കൊച്ചിൻ ലെജിസ്ലേറ്റീവ് കൗൺസിലിലേക്ക് ആദ്യമായി നാമനിർദ്ദേശം ചെയ്യപ്പെട്ട അധകൃതവർഗ്ഗത്തിൽപ്പെട്ട അംഗം ?

(A) കെ. പി. കറുപ്പൻ (B) പി. സി. ചാഞ്ചൻ (C) കെ. പി. വള്ളോൻ

59. കൊച്ചിൻ ലെജിസ്ലേറ്റീവ് കൗൺസിലിലേക്ക് ആംഗ്ലോ ഇന്ത്യൻ വിഭാഗത്തിൽപ്പെട്ട അംഗത്തെ ആദ്യമായി നാമനിർദ്ദേശം ചെയ്ത് വർഷം ?

(A) 1931 (B) 1935 (C) 1938

60. കൊച്ചിൻ ലെജിസ്ലേറ്റീവ് കൗൺസിലിലെ പ്രഥമ ദമ്പതിമാർ മിസ്റ്റർ ആന്റ് മിസിസ് ഈയുണ്ണി ആയിരുന്നു. ഏത് വർഷമാണ് അവർ തെരഞ്ഞെടുക്കപ്പെട്ടത് ?

(A) 1935 (B) 1938 (C) 1945

61. കൊച്ചിൻ ലെജിസ്ലേറ്റീവ് കൗൺസിലിലേക്ക് ഒരു ജനറൽ നിയോജകമണ്ഡലത്തിൽ നിന്നും ആദ്യമായി തെരഞ്ഞെടുക്കപ്പെട്ട പിന്നോക്ക വിഭാഗ അംഗം ആര് ?

(A) കെ. എം. എബ്രഹാം (B) വി. കെ. കൃഷ്ണൻകുട്ടി (C) കെ. അയ്യപ്പൻ

62. കൊച്ചിൻ ലെജിസ്ലേറ്റീവ് കൗൺസിലിലേക്ക് 1938-ൽ നടന്ന തെരഞ്ഞെടുപ്പിൽ ഒരു യൂറോപ്യനെ ആദ്യമായി പരാജയപ്പെടുത്തിയ അംഗം ?

(A) സി. ജെ. മാത്യു (B) വി. ജെ. മത്തായി (C) ജോസഫ് പെട്ട

63. ഇന്ത്യൻ നാട്ടുരാജ്യങ്ങളിൽവച്ച് തെരഞ്ഞെടുപ്പിലൂടെ ലെജിസ്ലേറ്റീവ് കൗൺസിലിന്റെ ഡെപ്യൂട്ടി പ്രസിഡന്റ് പദവിയിലെത്തിയ വ്യക്തി ?

(A) അമ്പാട്ട് ഗോവിന്ദമേനോൻ (B) ഡോ: എ. ആർ. മേനോൻ (C) എ. അയ്യപ്പൻ

64. 1938-ൽ കൊച്ചി മഹാരാജാവിന്റെ 76-ാം പിറന്നാളിനോടനുബന്ധിച്ചാണ് ഒരു നിയമസഭാംഗത്തെ മന്ത്രിയാക്കി നിയമിച്ചത്. ആരെയാണ് നിയമിച്ചത് ?

(A) അമ്പാട്ട് രാമുണ്ണി മേനോൻ (B) അമ്പാട്ട് ഗോവിന്ദമേനോൻ

(C) അമ്പാട്ട് ശിവരാമ മേനോൻ

65. കൊച്ചി ലെജിസ്ലേറ്റീവ് കൗൺസിലിലേക്ക് തൊഴിലാളി പ്രതിനിധിയായി ആദ്യമായി നാമനിർദ്ദേശം ചെയ്യപ്പെട്ട വ്യക്തി ?

(A) വി. കെ. കുട്ടി (B) പറമ്പി ലോനപ്പൻ (C) ബി. വി. കെ. മേനോൻ

66. കൊച്ചി ലെജിസ്ലേറ്റീവ് കൗൺസിലിൽ 1938-ലാണ് ഒരു മന്ത്രി നിയുക്തനാകുന്നത്. എത്ര രൂപയാണ് മന്ത്രിക്ക് പ്രതിമാസ ശമ്പളമായി നിശ്ചയിച്ചത് ?

(A) 400 രൂപ (B) 500 രൂപ (C) 850 രൂപ

67. കൊച്ചിൻ ലെജിസ്ലേറ്റീവ് കൗൺസിലിൽ ആദ്യമായി അദ്ധ്യക്ഷത വഹിച്ച വനിതാ അംഗം ?

(A) തങ്കമ്മ എൻ. മേനോൻ (B) ജോഷ്യ ആനി (C) ശ്രീമതി ടി. ഫ്രാൻസിസ്

68. ലെജിസ്ലേറ്റീവ് അസംബ്ലി എന്ന വാക്ക് ഇന്ത്യയിൽ ഏത് പരിഷ്കാര പ്രകാരമാണ് നടപ്പിലാക്കിയത് ?

(A) 1909-ലെ മിന്റോമോർലി ഭരണ പരിഷ്കാരം

(B) 1919-ലെ മൊണ്ടേഗ്യു ചെംസ് ഫോർഡ് പരിഷ്കാരം

(C) 1935-ലെ ഗവൺമെന്റ് ഓഫ് ഇന്ത്യാ ആക്ട് പ്രകാരം

69. കൊച്ചിൻ ലെജിസ്ലേറ്റീവ് കൗൺസിലിന്റെ തെരഞ്ഞെടുക്കപ്പെട്ട പ്രഥമ പ്രസിഡന്റ് ?

(A) ജി. റ്റി. ബോഗ് (B) സി. പി. കരുണാകര മേനോൻ (C) എൽ. എം. പൈലി

70. കൊച്ചിയിൽ നാലംഗ മന്ത്രിസഭ 1946 സെപ്റ്റംബർ 9-ാം തീയതി നിലവിൽ വന്നു. ഈ മന്ത്രിസഭയിൽ പൊതുമരാമത്ത് വകുപ്പ് കൈകാര്യം ചെയ്ത വ്യക്തി ?

(A) പനമ്പിള്ളി ഗോവിന്ദമേനോൻ (B) സി. ആർ. ഈയുണ്ണി (C) കെ. അയ്യപ്പൻ

71. പ്രായപൂർത്തി വോട്ടവകാശത്തിന്റെ അടിസ്ഥാനത്തിൽ 1948-ൽ രൂപീകൃതമായ കൊച്ചിൻ ലെജിസ്ലേറ്റീവ് അസംബ്ലിയുടെ പ്രഥമ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ച വ്യക്തി ?

(A) എൽ. എം. പൈലി (B) പി. കെ. ഡീവർ (C) സി. വി. അനന്തകൃഷ്ണ അയ്യർ

72. കൊച്ചിയിലെ 1948-49-ലെ ഇക്കണ്ടവാര്യർ മന്ത്രിസഭയിൽ വിദ്യാഭ്യാസ വകുപ്പ് കൈകാര്യം ചെയ്ത വ്യക്തി ?

(A) പമ്പിള്ളി ഗോവിന്ദമേനോൻ, (B) സി. എ. ഔസേപ്പ് (C) ഇക്കണ്ടവാര്യർ

73. തിരു-കൊച്ചി സംസ്ഥാനം രൂപീകൃതമായ ദിവസം ?

(A) 1949 നവംബർ 1 (B) 1949 ജൂൺ 1 (C) 1949 ജൂലൈ 1

74. തിരു-കൊച്ചി സംസ്ഥാനത്തിന്റെ പ്രഥമ മുഖ്യമന്ത്രി ആര് ?

(A) പനമ്പിള്ളി ഗോവിന്ദമേനോൻ (B) ടി. കെ. നാരായണപിള്ള

(C) എ. ജെ. ജോൺ

75. തിരു-കൊച്ചി സംസ്ഥാനത്തെ പ്രഥമ വനിതാ മന്ത്രി ആര് ?

(A) കെ. ആർ. ഗൗരിയമ്മ (B) ആനി മസ്ക്രിൻ (C) സുശീല ഗോപാലൻ

76. 1949-ലെ ടി. കെ. നാരായണപിള്ളയുടെ തിരു-കൊച്ചി മന്ത്രിസഭയിലെ ഒരംഗം 5 ദിവസം മാത്രമാണ് പ്രസ്തുത സ്ഥാനം വഹിച്ചത്. ആരാണ് ആ മന്ത്രി ?

(A) എൻ. കുഞ്ഞിരാമൻ (B) ഇ. കെ. മാധവൻ (C) ടി. എ. അബ്ദുള്ള

77. 1949-ൽ രൂപീകൃതമായ തിരു-കൊച്ചി നിയമസഭയിലെ അംഗസംഖ്യ എത്രയായിരുന്നു ?

(A) 120 (B) 140 (C) 178

78. സമ്മതിദായകരുടെ ദേശീയദിനമായി ആചരിക്കുന്ന ദിവസം ഏത് ?

(A) ഫെബ്രുവരി 25 (B) ജനുവരി 25 (C) മാർച്ച് 25

79. കേരള നിയമസഭയിലേക്ക് 1957-ൽ നടന്ന തെരഞ്ഞെടുപ്പിൽ സി.പി.ഐ.-ക്ക് എത്ര സീറ്റ് ലഭിച്ചു ?

(A) 55 (B) 60 (C) 65

80. ഒന്നാം കേരള നിയമസഭ രൂപീകൃതമായത് എന്ന് ?

(A) 1957 ഫെബ്രുവരി 5 (B) 1957 മാർച്ച് 5 (C) 1957 ഏപ്രിൽ 1

81. കേരള നിയമസഭാംഗമായി ആദ്യം സത്യപ്രതിജ്ഞ ചെയ്ത വ്യക്തി ആര് ?

(A) ഇ.എം.എസ്. നമ്പൂതിരിപ്പാട് (B) റോസമ്മാ പുന്നൂസ് (C) കെ. ആർ. ഗൗരിയമ്മ

82. 1957-ലെ ഇ.എം.എസ്. മന്ത്രിസഭയിൽ എത്ര അംഗങ്ങൾ ഉണ്ടായിരുന്നു ?

(A) 10 (B) 11 (C) 12

83. 1957-ലെ ഇ.എം.എസ്. മന്ത്രിസഭയിലെ വിദ്യാഭ്യാസ വകുപ്പുമന്ത്രി ?

(A) വി. ആർ. കൃഷ്ണയ്യർ (B) ജോസഫ് മുണ്ടശ്ശേരി C) ഡോ: എ. ആർ. മേനോൻ

84. 1957-ലെ ഇ.എം.എസ്. മന്ത്രിസഭയെ രാഷ്ട്രപതി ഭരണഘടനയുടെ 356-ാം വകുപ്പ് ഉപയോഗിച്ച് പിരിച്ചുവിട്ടത് എന്നാണ് ?

(A) 1959 ജൂൺ 30 (B) 1959 ജൂലൈ 31 (C) 1959 ആഗസ്റ്റ് 30

85. കേരളത്തിൽ ഏത് മണ്ഡലത്തിലാണ് ആദ്യമായി മാർക്കിംഗ് സിസ്റ്റത്തിലൂടെ തെരഞ്ഞെടുപ്പ് നടന്നത് ?

(A) ദേവികുളം (B) ചാലക്കുടി (C) വയനാട്

86. മൊണ്ടേഗ്വു ചെംസ് ഫോർഡ് ഭരണപരിഷ്കാരം അനുസരിച്ച് രൂപീകൃതമായ മദ്രാസ് ലെജിസ്ലേറ്റീവ് കൗൺസിൽ ഉദ്ഘാടനം ചെയ്ത ദിവസം ?

(A) 1921 ജനുവരി 9 (B) 1921 ജനുവരി 12 (C) 1921 ജനുവരി 15

87. താഴെപ്പറയുന്നവരിൽ ഒരാൾ തിരു-കൊച്ചി സഭയുടെ ഡെപ്യൂട്ടി സ്പീക്കറായി പ്രവർത്തിച്ചിട്ടില്ല. ആരാണ് പ്രസ്തുത വ്യക്തി ?

(A) കെ. കൊച്ചുകുട്ടൻ (B) ടി. ടി. കേശവ ശാസ്ത്രി (C) വി. ഗംഗാധരൻ

88. കേടതിവിധിയിലൂടെ മാത്രം കേരള നിയമസഭാംഗമായ വ്യക്തി ആര് ?

(A) ജോർജ് മസ്ക്രിൻ (B) വി. ആർ. കൃഷ്ണയ്യർ (C) സി. ജി. ജനാർദ്ദനൻ

89. 1957-ൽ കേരള സംസ്ഥാനം രൂപീകൃതമായശേഷം നിയമസഭയിലേക്ക് എത്ര പൊതു തെരഞ്ഞെടുപ്പുകൾ ഇതുവരെ നടന്നു ?

(A) 13 (B) 14 (C) 15

90. 1957-ന് ശേഷം കേരള നിയമസഭയിലേക്ക് ഇതുവരെ എത്ര ഉപതെരഞ്ഞെടുപ്പുകൾ നടന്നു ?

(A) 50 (B) 55 (C) 52

91. കേരള നിയമസഭാ ചരിത്രത്തിൽ ഒരംഗം മാത്രമേ എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളൂ. ആരാണ് ആ അംഗം ?

(A) ഉമേഷ് ചള്ളിയിൽ (B) ഉമേഷ് റാവു (C) എം. ജെ. സക്കറിയ

92. കേരള നിയമസഭയിലേക്ക് രണ്ട് മണ്ഡലങ്ങളിൽ മത്സരിച്ച് വിജയിച്ച ഏക വ്യക്തി ശ്രീ. കെ. കരുണാകരനാണ്. ഏതു വർഷം നടന്ന പൊതുതെരഞ്ഞെടുപ്പിലാണ് അദ്ദേഹം ഈ വിജയം കരസ്ഥമാക്കിയത് ?

(A) 1977 (B) 1982 (C) 1987

93. 1948-ൽ തിരുവിതാംകൂറിൽ നടന്ന പ്രഥമ തെരഞ്ഞെടുപ്പ് മുതൽ 2011-ലെ തെരഞ്ഞെടുപ്പ് വരെയുള്ള എല്ലാ നിയമസഭാ പൊതുതെരഞ്ഞെടുപ്പിലും മത്സരിച്ച വ്യക്തി ആര് ?

(A) ആർ. ബാലകൃഷ്ണപിള്ള (B) കെ. ആർ. ഗൗരിയമ്മ (C) കെ. എം. മാണി

94. കേരള നിയമസഭയിൽ ഏറ്റവും കൂടുതൽ കാലം നിയമസഭാംഗമായിരുന്ന വ്യക്തി ?

(A) കെ. എം. മാണി (B) കെ. ആർ. ഗൗരിയമ്മ (C) ഉമ്മൻചാണ്ടി

95. കേരള നിയമസഭയിൽ ഏറ്റവും കുറഞ്ഞ കാലം അംഗമായിരുന്ന വ്യക്തി ?

(A) ആന്റണി ഡിക്രൂസ് (B) സി. ഹരിദാസ് (C) മൊഹ്സിൻ ബിൻ അഹമ്മദ്

96. കേരള നിയമസഭയിൽ ഏറ്റവും കൂടുതൽ മണ്ഡലങ്ങളെ പ്രതിനിധീകരിച്ച അംഗം ആര് ?

(A) കെ. ആർ. ഗൗരിയമ്മ (B) എം. വി. രാഘവൻ (C) ഇ. അഹമ്മദ്

97. കേരള നിയമസഭയുടെ ചരിത്രത്തിൽ ഏറ്റവും പ്രായം കൂടിയ അംഗം ?

(A) വി. എസ്. അച്ചുതാനന്ദൻ (B) കെ. ആർ. ഗൗരിയമ്മ (C) പി. ആർ. കുറുപ്പ്

98. കേരള നിയമസഭയുടെ ചരിത്രത്തിൽ ഏറ്റവും പ്രായം കുറഞ്ഞ അംഗം?

(A) ആർ. ബാലകൃഷ്ണപിള്ള (B) രമേഷ് ചെന്നിത്തല (C) ഹൈബി ഈഡൻ

99. കേരളത്തിൽ ഏറ്റവും കൂടുതൽ കാലം മന്ത്രിയായിരുന്ന വ്യക്തി ?

(A) കെ. എം. മാണി (B) കെ. ആർ. ഗൗരിയമ്മ (C) കെ. അവുക്കാദർ കുട്ടി നഹ

100. ഏറ്റവും കൂടുതൽ കാലം കേരളത്തിൽ മുഖ്യമന്ത്രി പദം അലങ്കരിച്ച വ്യക്തി ?

(A) സി. അച്ചുതമേനോൻ (B) ഇ. കെ. നായനാർ (C) കെ. കരുണാകരൻ

101. കൊച്ചി, തിരു-കൊച്ചി, കേരള നിയമസഭകളിലും രാജ്യസഭയിലും ലോക്സഭയിലും അംഗമായിരുന്ന വ്യക്തി ആര് ?

(A) സി. അച്ചുതമേനോൻ (B) കെ. കരുണാകരൻ (C) ഇ.എം.എസ്. നമ്പൂതിരിപ്പാട്

102. കേരള നിയമസഭയിൽ ഏറ്റവും കൂടുതൽ കാലം അംഗമായിരുന്ന ആംഗ്ലോ ഇന്ത്യൻ പ്രതിനിധി ആര് ?

(A) സ്റ്റീഫൻ പദുവ (B) നിക്കോളാസ് റോഡ്രിഗ്സ് (C) ലൂഡി ലൂയിസ്

103. 1972 ആഗസ്റ്റ് മാസം 14-ന് അർദ്ധരാത്രി കേരള നിയമസഭയുടെ ഒരു പ്രത്യേക സമ്മേളനം ചേർന്നിരുന്നു. എന്ത് കാര്യത്തിനാണ് ഈ യോഗം ചേർന്നത് ?

(A) സ്വാതന്ത്ര്യത്തിന്റെ രജതജൂബിലി (B) ക്വിറ്റ് ഇന്ത്യാ വാർഷികം

(C) ഭൂപരിഷ്കരണ നിയമം പാസ്സാക്കാൻ

104. സംസ്ഥാന രൂപീകരണത്തിന് ശേഷം എത്രതവണ കേരളം രാഷ്ട്രപതി ഭരണത്തിൽ കീഴിലായിട്ടുണ്ട് ?

(A) 6 (B) 7 (C) 8

105. താഴെപ്പറയുന്നവരിൽ ഒരാൾ കേരള മുഖ്യമന്ത്രി സ്ഥാനം വഹിച്ചശേഷം ഉപമുഖ്യമന്ത്രിയുടെ പദവിയും വഹിച്ചിട്ടുണ്ട്. ആരാണ് ആ വ്യക്തി ?

(A) ആർ. ശങ്കർ (B) സി. എച്ച്. മുഹമ്മദ് കോയ (C) പട്ടം താണുപിള്ള

106. കേരള നിയമസഭയുടെ ചരിത്രത്തിൽ 20 പേരെ പിന്നിലാക്കി തെരഞ്ഞെടുപ്പിൽ വിജയിച്ച വ്യക്തി ആര് ?

(A) ഈപ്പൻ വർഗ്ഗീസ് (B) സിറിയക് ജോൺ (C) കെ. പങ്കജാക്ഷൻ

107. കേരള നിയമസഭയിലേക്ക് ഇതുവരെ നടന്ന തെരഞ്ഞെടുപ്പുകളിൽ ഏറ്റവും കൂടുതൽ ഭൂരിപക്ഷം നേടി വിജയിയായ അംഗം ?

(A) പി. ജയരാജൻ (B) എം. ചന്ദ്രൻ (C) വി. എം. ഉമ്മർ മാസ്റ്റർ

108. കേരള നിയമസഭയുടെ ചരിത്രത്തിൽ ഏറ്റവും കുറഞ്ഞ ഭൂരിപക്ഷത്തിൽ വിജയിച്ച വ്യക്തി ?

(A) വി. ആർ. കൃഷ്ണയ്യർ (B) എ. എ. അസീസ് (C) എ. യൂനിസ് കുഞ്ഞ്

109. താഴെ കൊടുത്തിരിക്കുന്ന വർഷങ്ങളിൽ ഒരുപ്രാവശ്യം ലോക്സഭാ തെരഞ്ഞെടുപ്പിനോടൊപ്പമല്ല നിയമസഭാ തെരഞ്ഞെടുപ്പ് നടന്നത്. ഏത് വർഷം ?

(A) 1967 (B) 1970 (C) 1977

110. കേരള നിയമസഭയുടെ ചരിത്രത്തിലെ ഏറ്റവും പ്രായം കുറഞ്ഞ മന്ത്രി ?

(A) രമേശ് ചെന്നിത്തല (B) പി. കെ. ജയലക്ഷ്മി (C) അനൂപ് ജേക്കബ്

111. കേരളത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നും ആദ്യമായി മന്ത്രിപദത്തിൽ എത്തിയ വ്യക്തി ?

(A) പി. കെ. ജയലക്ഷ്മി (B) എ. പി. അനിൽകുമാർ (C) പന്തളം സുധാകരൻ

112. കേടതി വിധിയിലൂടെ സ്ഥാനം നഷ്ടപ്പെട്ട ഒരംഗം സുപ്രീംകോടതി വിധിയിലൂടെ വീണ്ടും നിയമസഭാംഗമാവുകയും അതേ സഭയിൽതന്നെ രണ്ട് പ്രാവശ്യം സത്യപ്രതിജ്ഞ ചെയ്യുകയും ചെയ്തു. ആരാണ് ആ വ്യക്തി ?

(A) പി. ജയരാജൻ (B) ഒ. ഭരതൻ (C) റോസമ്മാ പുന്നൂസ്

113. കേരള നിയമസഭാ സ്പീക്കർ ആയിരിക്കെ നിര്യാതനായ വ്യക്തി ?

(A) കെ. എം. സീതി സാഹിബ് (B) കെ. മൊയ്തീൻകുട്ടി ഹാജി

(C) ഡി. ദാമോദരൻ പോറ്റി

114. 1948-ൽ കൊച്ചിയിൽ നടന്ന നിയമസഭാ തെരഞ്ഞെടുപ്പിൽ വിജയിച്ച ഒരംഗം 1951-ൽ മാത്രമാണ് സത്യപ്രതിജ്ഞ ചെയ്തത്. ആരാണ് ആ വ്യക്തി ?

(A) ഇ. ഗോപാലകൃഷ്ണ മേനോൻ (B) എ. എൽ. ജേക്കബ് (C) കെ. കെ. കണ്ണൻ

115. അവിശ്വാസ പ്രമേയത്തിലൂടെ ഒരു മന്ത്രിസഭ മാത്രമേ കേരളത്തിൽ പുറത്തായിട്ടുള്ളൂ. ആരുടെ നേതൃത്വത്തിലുള്ള മന്ത്രിസഭ ?

(A) പട്ടം താണുപിള്ള (B) ആർ. ശങ്കർ (C) കെ. കരുണാകരൻ

116. 1957-നുശേഷം കേരള നിയമസഭയിൽ ഒരു പ്രാവശ്യം മാത്രമേ വിശ്വാസ പ്രമേയം ചർച്ചയ്ക്ക് വന്നിട്ടുള്ളു. ആരായിരുന്നു അന്നത്തെ മുഖ്യമന്ത്രി ?

(A) ഇ.എം.എസ്. (B) സി. അച്യുതമേനോൻ (C) കെ. കരുണാകരൻ

117. സംസ്ഥാനത്ത് ലോക്സഭയിലേക്കും നിയമസഭയിലേക്കും ഒരേ സമയം തെരഞ്ഞെടുക്കപ്പെട്ട ഒരംഗം നിയമസഭാ അംഗത്വം രാജിവയ്ക്കുകയും ലോക്സഭാ അംഗത്വം നിലനിർത്തുകയും ചെയ്തു. ആരാണ് ആ വ്യക്തി ?

(A) ശ്രീകണ്ഠൻ നായർ (B) ജോർജ് ഈഡൻ (C) ആർ. ബാലകൃഷ്ണപിള്ള

118. ഒരു ലോക്സഭാ അദ്ധ്യക്ഷൻ നിയമസഭാ സാമാജികരെ നിയമസഭാ ഹാളിൽ 1950-ൽ അഭിസംബോധന ചെയ്തിട്ടുണ്ട്. ആരാണ് ആ വ്യക്തി ?

(A) ബൽറാം ഝക്കർ (B) ജി. വി. മൗലങ്കർ (C) ജി. എസ്. ധില്ലൻ

119. കേരള നിയമസഭാംഗങ്ങളെ ഒരു ഇന്ത്യൻ പ്രധാനമന്ത്രി നിയമസഭാ ഹാളിൽ അഭിസംബോധന ചെയ്തിട്ടുണ്ട്. ആരാണ് ആ പ്രധാനമന്ത്രി ?

(A) ജവഹർലാൽ നെഹ്റു, (B) മൻമോഹൻസിംഗ്, (C) ഇന്ദിരാഗാന്ധി

120. കേരള നിയമസഭാംഗങ്ങളെ ആദ്യമായി സഭയിൽ അഭിസംബോധന ചെയ്ത രാഷ്ട്രപതി ആര് ?

(A) കെ. ആർ. നാരായണൻ (B) എ. പി. ജെ. അബ്ദുൾ കലാം (C) പ്രണാബ് മുഖർജി

121. ഏറ്റവും കൂടുതൽ കാലം കേരള നിയമസഭാ സ്പീക്കറായി പ്രവർത്തിച്ച വ്യക്തി ?

(A) എം. വിജയകുമാർ (B) കെ. രാധാകൃഷ്ണൻ (C) വക്കം പുരുഷോത്തമൻ

122. ഏറ്റവും കുറഞ്ഞ കാലം നിയമസഭാ സ്പീക്കറായിരുന്ന വ്യക്തി ?

(A) എ. സി. ജോസ് (B) കെ. എം. സീതി സാഹിബ് (C) തേറമ്പിൽ രാമകൃഷ്ണൻ

123. ഏറ്റവും കൂടുതൽ കാലം സ്പീക്കറുടെ ചുമതലകൾ വഹിച്ച ഡെപ്യൂട്ടി സ്പീക്കർ ?

(A) എ. നഫീസത്ത് ബീവി (B) ആർ. എസ്. ഉണ്ണി (C) എൻ. സുന്ദരൻ നാടാർ

124. എട്ടാം കേരള നിയമസഭയിൽ പ്രൊടൈം സ്പീക്കറുടെ ചുമതല വഹിച്ചിരുന്ന അംഗം പ്രസ്തുത സഭയിലെ ഡെപ്യൂട്ടി സ്പീക്കറായും തെരഞ്ഞെടുക്കപ്പെടുകയുണ്ടായി. ആരാണ് ആ വ്യക്തി ?

(A) കെ. ഒ. അയിഷാ ബായി (B) ഭാർഗ്ഗവി തങ്കപ്പൻ (C) എൻ. സുന്ദരൻ നാടാർ

125. കേരള നിയമസഭയിൽ ഏറ്റവും കൂടുതൽ ഭൂരിപക്ഷത്തോടെ സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ട വ്യക്തി ?

(A) സി. എച്ച്. മുഹമ്മദ് കോയ (B) ചാക്കേരി അഹമ്മദ് കുട്ടി

(C) കെ. രാധാകൃഷ്ണൻ

126. കേരള നിയസഭയിൽ ഏറ്റവും കുറഞ്ഞ ഭൂരിപക്ഷത്തോടെ സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ട വ്യക്തി ?

(A) വി. എം. സുധീരൻ (B) കെ. മൊയ്തീൻകുട്ടി ഹാജി (C) ജി. കാർത്തികേയൻ

127. സംസ്ഥാന ഗവർണ്ണറെ ആരാണ് നിയമിക്കുന്നത് ?

(A) പ്രധാനമന്ത്രി (B) രാഷ്ട്രപതി (C) ഹൈക്കോടതി ചീഫ് ജസ്റ്റിസ്

128. ഗവർണ്ണറുടെ ഔദ്യോഗിക കാലാവധി എത്ര വർഷം ?

(A) 5 (B) കാലവധിയില്ല, (C) 4

129. സംസ്ഥാന മുഖ്യമന്ത്രിയെ ആരാണ് നിയമിക്കുന്നത് ?

(A) സ്പീക്കർ (B) ഗവർണ്ണർ (C) പ്രധാനമന്ത്രി

130. മന്ത്രിസഭ സംസ്ഥാനത്തെ നിയമസഭയോട് കൂട്ടുത്തരവാദപ്പെട്ടിരിക്കണം എന്ന് ഭരണഘടനയുടെ ഏത് അനുച്ഛേദത്തിലാണ് അനുശാസിച്ചിട്ടുള്ളത് ?

(A) 163(2) (B) 164(2) (C) 165(2)

131. താഴെപ്പറയുന്ന ഒരു സംസ്ഥാനത്ത് ദ്വിമണ്ഡല സംവിധാനം നിലവിലില്ല. ഏതാണ് ആ സംസ്ഥാനം ?

(A) ഉത്തർപ്രദേശ് (B) കർണ്ണാടകം (C) തമിഴ്നാട്

132. സംസ്ഥാനത്ത് ഒരു ലെജിസ്ലേറ്റീവ് കൗൺസിൽ രൂപീകരിക്കുന്നതിനുള്ള പ്രമേയം പാസ്സാക്കുന്നതിന് നിയമസഭയിലെ എത്ര അംഗങ്ങളുടെ ഭൂരിപക്ഷം ആവശ്യമുണ്ട് ?

(A) ആകെ ഹാജരാകുന്ന അംഗങ്ങളുടെ ഭൂരിപക്ഷം

(B) ആകെ അംഗങ്ങളുടെ ഭൂരിപക്ഷവും ഹാജരായി വോട്ട് ചെയ്യുന്ന അംഗങ്ങളുടെ $^2/_3$-ൽ കുറയാത്ത ഭൂരിപക്ഷം

(C) ഹാജരായി വോട്ട് ചെയ്യുന്ന അംഗങ്ങളുടെ $^2/_3$-ൽ കുറയാത്ത ഭൂരിപക്ഷം

133. നിയമസഭയിലെ തെരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങളുടെ കൂടിയ അംഗസംഖ്യ എത്രയായിട്ടാണ് ഭരണഘടന നിജപ്പെടുത്തിയിരിക്കുന്നത് ?

(A) 400-ൽ കവിയരുത് (B) 450-ൽ കവിയരുത് (C) 500-ൽ കവിയരുത്

134. നിയമനിർമ്മാണ സഭയുടെ പരമാവധി കാലവധി ഭരണഘടനയുടെ അനുച്ഛേദം 172 പ്രകാരം നിജപ്പെടുത്തിയിട്ടുണ്ട്. എത്രയാണ് അത് ?

(A) ഒന്നാമത്തെ യോഗം ചേരുന്നതിന് നിശ്ചയിച്ചിട്ടുള്ള തീയതി മുതൽ 5 വർഷം

(B) നിയമസഭ രൂപീകരിച്ച തീയതി മുതൽ 5 വർഷം

(C) ഇലക്ഷൻ നടന്ന തീയതി മുതൽ 5 വർഷം

135. ഗവർണ്ണർ നിയമസഭയിൽ നടത്തുന്ന വിശേഷാൽ അഭിസംബോധന ഭരണഘടനയുടെ ഏത് അനുച്ഛേദപ്രകാരമാണ് നടത്തുന്നത് ?

(A) അനുച്ഛേദം 175 (B) അനുച്ഛേദം 176 (C) അനുച്ഛേദം 177

136. തുല്യത വരുന്ന അവസരത്തിൽ സഭാദ്ധ്യക്ഷന് 'കാസ്റ്റിംഗ് വോട്ട്' ചെയ്യുവാനുള്ള അവകാശം ഭരണഘടനയുടെ ഏത് അനുച്ഛേദത്തിലാണ് പ്രതിപാദിച്ചിട്ടുള്ളത് ?

(A) 189(1) (B) 179(1) (C) 188(1)

137. കേരള നിയമസഭയിൽ കാസ്റ്റിംഗ് വോട്ട് ചെയ്ത ഏകസ്പീക്കർ ആര് ?

(A) വക്കം പുരുഷോത്തമൻ (B) എ. സി. ജോസ് (C) തേറമ്പിൽ രാമകൃഷ്ണൻ

138. കേരള നിയമസഭയുടെ ചരിത്രത്തിൽ 1957-ന് ശേഷം ഒരു ഡെപ്യൂട്ടി സ്പീക്കർ മാത്രമേ കാസ്റ്റിംഗ് വോട്ട് ചെയ്തിട്ടുള്ളൂ. ആരായിരുന്നു ആ ഡെപ്യൂട്ടി സ്പീക്കർ ?

(A) കൊരമ്പയിൽ അഹമ്മദ് ഹാജി (B) ആർ. എസ്. ഉണ്ണി (C) എം. ജെ. സക്കറിയ

139. നിയമസഭാംഗങ്ങൾ ഭരണഘടനപ്രകാരം ആരുടെ മുമ്പിൽ സത്യപ്രതിജ്ഞ ചെയ്താണ് സ്ഥാനം ഏറ്റെടുക്കേണ്ടത് ?

(A) സ്പീക്കറുടെ (B) മുഖ്യമന്ത്രിയുടെ

(C) ഗവർണ്ണറുടെയോ അദ്ദേഹം അതിലേക്ക് നിയമിക്കുന്ന വ്യക്തിയുടെയോ മുന്നിൽ

140. ഭരണഘടനയുടെ ഏത് അനുച്ഛേദം പ്രകാരമാണ് നിയമസഭാംഗങ്ങൾക്ക് സംസാര സ്വാതന്ത്ര്യം ഉറപ്പാക്കിയിരിക്കുന്നത് ?

(A) അനുച്ഛേദം 194 (B) അനുച്ഛേദം 195 (C) അനുച്ഛേദം 196

141. നിയമസഭയിൽ ബഡ്ജറ്റ് അവതരിപ്പിക്കുന്നത് ഭരണഘടനയുടെ ഏത് അനുച്ഛേദ പ്രകാരമാണ് ?

(A) അനുച്ഛേദം 201 (B) അനുച്ഛേദം 202 (C) അനുച്ഛേദം 203

142. ഓർഡിനൻസുകൾ ഗവർണ്ണർ പുറപ്പെടുവിക്കുന്നത് ഭരണഘടനയുടെ ഏത് അനുച്ഛേദപ്രകാരമാണ് ?

(A) അനുച്ഛേദം 213 (B) അനുച്ഛേദം 214 (C) അനുച്ഛേദം 215

143. നിയമസഭയിലെ നടപടികളെപ്പറ്റി കോടതികൾ അന്വേഷണ വിചാരണ നടത്തുന്നത് ഭരണഘടന വിലക്കിയിട്ടുണ്ട്. ഇത് ഏത് അനുച്ഛേദം അനുസരിച്ചാണ് ?

(A) അനുച്ഛേദം 211 (B) അനുച്ഛേദം 212 (C) അനുച്ഛേദം 213

144. 1992-ലെ 73-ാം ഭരണഘടനാ ഭേദഗതി നിയമപ്രകാരം ഭരണഘടനയിൽ ഏത് വിഭാഗത്തെയാണ് ഉൾപ്പെടുത്തിയത് ?

(A) മുൻസിപ്പാലിറ്റികൾ (B) പഞ്ചായത്തുകൾ (C) കോർപ്പറേഷനുകൾ

145. നിയമത്തിന്റെ അധികാരം മുഖേനയല്ലാതെ നികുതികൾ ചുമത്തുന്നത് ഭരണഘടന വിലക്കിയിട്ടുണ്ട്. ഏത് അനുച്ഛേദപ്രകാരം ?

(A) അനുച്ഛേദം 263 (B) അനുച്ഛേദം 264 (C) അനുച്ഛേദം 265

145A. സംസ്ഥാന നിയമസഭയിൽ ആംഗ്ലോ-ഇന്ത്യൻ സമുദായത്തിന് പ്രാതിനിധ്യം ഉറപ്പാക്കുന്നത് ഭരണഘടനയിലെ ഏത് അനുച്ഛേദ പ്രകാരമാണ് ?

(A) അനുച്ഛേദം 312 (B) അനുച്ഛേദം 322 (C) അനുച്ഛേദം 333

146. അടിയന്തിരാവസ്ഥ പ്രഖ്യാപിക്കുന്നതിന് രാഷ്ട്രപതിക്ക് ഏത് അനുച്ഛേദപ്രകാരമാണ് അധികാരം നല്കിയിട്ടുള്ളത് ?

(A) അനുച്ഛേദം 352 (B) അനുച്ഛേദം 353 (C) അനുച്ഛേദം 354

147. നിയമസഭാ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങൾ ഭരണഘടനയുടെ ഏത് അനുച്ഛേദപ്രകാരമാണ് രൂപീകൃതമായത് ?

(A) അനുച്ഛേദം 208(1) (B) അനുച്ഛേദം 209(1) (C) അനുച്ഛേദം 210(1)

148. നിയമനിർമ്മാണ സഭയ്ക്ക് പ്രത്യേക സെക്രട്ടേറിയറ്റ് ഉദ്യോഗഗണം വേണമെന്ന് ഭരണഘടനയിൽ വ്യവസ്ഥയുണ്ട്. ഏത് അനുച്ഛേദപ്രകാരം ?

(A) അനുച്ഛേദം 186 (B) അനുച്ഛേദം 187 (C) അനുച്ഛേദം 188

149. ഒരു നിയമസഭാംഗത്തിന് ഒരു ദിവസം നല്കാവുന്ന നോട്ടീസുകളുടെ എണ്ണം ചട്ടപ്രകാരം നിജപ്പെടുത്തിയിട്ടുണ്ട്. പരമാവധി എത്ര ചോദ്യങ്ങൾക്ക് ഒരംഗത്തിന് ഒരു ദിവസം നോട്ടീസ് നല്കാം ?

(A) 5 (B) 6 (C) 7

150. പതിമൂന്നാം കേരള നിയമസഭയിലെ ഒരംഗത്തിന്റെ അച്ഛനും മുത്തച്ഛനും നിയമസഭാ സാമാജികരായിരുന്നു. ആ പ്രസ്തുത അംഗം ?

(A) ഡോ: എം. കെ. മുനീർ (B) കെ. ബി. ഗണേഷ് കുമാർ (C) പി. കെ. അബ്ദുറബ്ബ്

151. 2012 വരെ 10 ബഡ്ജറ്റ് അവതരിപ്പിച്ച് ശ്രീ. കെ. എം. മാണി ചരിത്രത്തിൽ സ്ഥാനം നേടി. അദ്ദേഹം ആദ്യ ബഡ്ജറ്റ് ഏതു വർഷമാണ് അവതരിപ്പിച്ചത് ?

(A) 1975 (B) 1976 (C) 1977

152. കേരള നിയമസഭാ ചരിത്രത്തിൽ കൂടുതൽ ബഡ്ജറ്റ് അവതരിപ്പിച്ച മുഖ്യമന്ത്രി ആര് ?

(A) ആർ. ശങ്കർ (B) സി. എച്ച്. മുഹമ്മദ് കോയ (C) ഇ. കെ. നയനാർ

153. കേരള ഗവർണ്ണറായിരിക്കേ നിര്യാതനായ വ്യക്തി ?

(A) സിക്കന്ദർ ഭക്ത് (B) ബി. രാമകൃഷ്ണ റാവു (C) റാം ദുലാരി സിൻഹ

154. 91-ാം ഭരണഘടനാ ഭേദഗതി പ്രകാരം മന്ത്രിമാരുടെ പരമാവധി എണ്ണം സഭാംഗങ്ങളുടെ എത്രശതമാനമായിട്ടാണ് നിജപ്പെടുത്തിയിട്ടുള്ളത് ?

(A) 10% (B) 12% (C) 15%

155. കേരളത്തിലെ ഒരു മന്ത്രിയെ മാത്രമേ ഗവർണ്ണർ മന്ത്രിസഭയിൽ നിന്നും പുറത്താക്കിയിട്ടുള്ളൂ. ആരാണ് ആ മന്ത്രി ?

(A) ആർ. ബാലകൃഷ്ണപിള്ള (B) പി. ജെ. ജോസഫ് (C) ലോനപ്പൻ നമ്പാട്

156. ഒന്നാം കേരള നിയമസഭയിൽ പ്രോടെം സ്പീക്കർ പദവി വഹിച്ച വ്യക്തി ?

(A) കെ. ഒ. ഐഷാ ബായി (B) റോസമ്മ പുന്നൂസ് (C) എ. നഫീസത്ത് ബീവി

157. 1957-59 കാലയളവിൽ കേരള നിയമസഭയിലെ പ്രതിപക്ഷനേതാവ് ആര് ?

(A) കെ. കരുണാകരൻ (B) പി. റ്റി. ചാക്കോ (C) ആർ. ശങ്കർ

158. കേരള നിയമസഭയിലെ സ്പീക്കറായിരുന്ന ഒരു വ്യക്തിയുടെ മകൻ ഇപ്പോഴത്തെ മന്ത്രിസഭയിൽ അംഗമാണ്. ആരാണ് ആ മന്ത്രി ?

(A) ഡോ: എം. കെ. മുനീർ (B) ഷിബു ബേബി ജോൺ (C) പി. കെ. അബ്ദു റബ്ബ്

159. 1977-ൽ മുഖ്യമന്ത്രിയായിരിക്കേ എ. കെ. ആന്റണി ഏത് മണ്ഡലത്തിലാണ് മത്സരിച്ചത് ?

(A) ചേർത്തല (B) കഴക്കൂട്ടം (C) തിരൂരങ്ങാടി

160. ഇപ്പോഴത്തെ തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് എം. പി. ഗോവിന്ദൻ നായർ കേരളത്തിലെ ഒരു മന്ത്രിസഭയിൽ അംഗമായിരുന്നു. ഏത് മന്ത്രിസഭയിൽ ?

(A) 1960-ലെ പട്ടം മന്ത്രിസഭ (B) 1962-ലെ ആർ. ശങ്കർ മന്ത്രിസഭ (C) 1969-ലെ അച്യുതമേനോൻ മന്ത്രിസഭ

161. കൂറുമാറ്റ നിരോധന നിയമപ്രകാരം കേരള നിയമസഭയിൽ അയോഗ്യനാക്കപ്പെട്ട അംഗം ?

(A) ടി. എം. ജേക്കബ് (B) ആർ. ബാലകൃഷ്ണപിള്ള (C) ഉമേഷ് ചള്ളിയിൽ

162. ശ്രീനാരായണ ഗുരുവിന്റെ പേരിൽ സത്യപ്രതിജ്ഞ ചെയ്തതിനാൽ അത് ഭരണഘടനാ വിരുദ്ധമെന്ന് ഹൈക്കോടതി പ്രഖ്യാപിക്കുകയും 41500 രൂപ പിഴ അടയ്ക്കേണ്ടി വന്ന അംഗം ആര് ?

(A) ആർ. ബാലകൃഷ്ണപിള്ള (B) ഉമേഷ് ചള്ളിയിൽ (C) പി. ഗോവിന്ദപിള്ള

163. നിയമസഭാ മന്ദിരത്തിന് പുറത്ത് ഒരു ആശുപത്രിയിലെ മുറിയിൽ സത്യവാചകം ചൊല്ലി നിയമസഭാംഗമായ വ്യക്തി ?

(A) ബേബി ജോൺ (B) മത്തായി ചാക്കോ (C) കെ. കെ. നായർ

164. പത്തനംതിട്ട നിയോജകമണ്ഡലത്തെ 1967 മുതൽ 2001 വരെ പ്രതിനിധീകരിച്ചത് ശ്രീ. കെ. കെ. നായർ ആയിരുന്നു. അദ്ദേഹത്തിന്റെ പൂർണ്ണനാമം ?

(A) കെ. കേശവൻ നായർ (B) കെ. കരുണാകരൻ നായർ

(C) കെ. കാർത്തികേയൻ നായർ

165. കേരള നിയമസഭയുടെ ചരിത്രത്തിലെ ഏറ്റവും ഉയർന്ന പോളിംഗ് ശതമാനം ഏത് വർഷം നടന്ന പൊതുതെരഞ്ഞെടുപ്പിലായിരുന്നു ?

(A) 1960 (B) 1987 (C) 2011

166. ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രം ഉപയോഗിച്ച് ഇന്ത്യയിൽ ആദ്യമായി തെരഞ്ഞെടുപ്പ് നടന്നത് നമ്മുടെ സംസ്ഥാനത്തായിരുന്നു. ഏത് നിയോജക മണ്ഡലത്തിൽ ?

(A) പറവൂർ (B) എറണാകുളം (C) ഞാറയ്ക്കൽ

167. കേരള നിയമസഭയുടെ ചരിത്രത്തിലെ ഏറ്റവും ദൈർഘ്യമേറിയ സിറ്റിംഗ് 1987 ഡിസംബർ 12-നായിരുന്നു. ഏത് ബില്ല് പാസ്സാക്കുന്നതിനായിരുന്നു ഇത് ?

(A) കേരള കൺട്രക്ഷൻസ് വർക്കേഴ്സ് വെൽഫയർ ഫണ്ട് ബിൽ

(B) കേരള പബ്ലിക് ലൈബ്രറീസ് ബിൽ

(C) കേരള പൊതുപ്രവർത്തകരുടെ അഴിമതി (അന്വേഷണവും അന്വേഷണ വിചാരണയും) ബിൽ

168. കേരള നിയമസഭയുടെ ചരിത്രത്തിൽ ഏറ്റവും കൂടുതൽ ദിവസം ചർച്ച ചെയ്ത് പാസ്സാക്കിയ നിയമം ഏത് ?

(A) 1957-ലെ കേരള അഗ്രേറിയൻ റിലേഷൻസ് ബിൽ

(B) 1957-ലെ കേരള വിദ്യാഭ്യാസ ബിൽ

(C) 1963-ലെ കേരള ഭൂപരിഷ്കരണ ബിൽ

169. കേരള ഭൂപരിഷ്കരണ നിയമം പാസ്സാക്കിയത് ഏത് മന്ത്രിസഭയുടെ കാലത്ത് ?

(A) ആർ. ശങ്കർ മന്ത്രിസഭ (B) 1957-ലെ ഇ.എം.എസ്. മന്ത്രിസഭ

(C) പട്ടം താണുപിള്ള മന്ത്രിസഭ

170. താഴെപ്പറയുന്ന കേരള നിയമസഭാ സ്പീക്കർമാരിൽ ഒരാൾ രണ്ട് പ്രാവശ്യം കേരള നിയമസഭാ സ്പീക്കർ പദവി വഹിച്ചിട്ടില്ല ആരാണ് ആ വ്യക്തി ?

(A) വക്കം പുരുഷോത്തമൻ (B) തേറമ്പിൽ രാമകൃഷ്ണൻ (C) എം. വിജയകുമാർ

171. ഒരു മുൻരാഷ്ട്രപതിയുടെ നിര്യാണം സംബന്ധിച്ച റഫറൻസ് നടത്തുന്നതിന് വേണ്ടി മാത്രം കേരള നിയമസഭയുടെ ഒരു സമ്മേളനം വിളിച്ചുചേർത്തിട്ടുണ്ട്. ആരുടെ ?

(A) ഡോ: രാജേന്ദ്രപ്രസാദിന്റെ (B) വി. വി. ഗിരിയുടെ (C) കെ. ആർ. നാരായണന്റെ

172. പുതിയ കേരള നിയമസഭാ മന്ദിരത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ച രാഷ്ട്രപതി ?

(A) കെ. ആർ. നാരായണൻ (B) എ. പി. ജെ. അബ്ദുൾ കലാം

(C) ശങ്കർദയാൽ ശർമ്മ

173. ഇപ്പോഴത്തെ കേരള മന്ത്രിസഭയിൽ റയിൽവേയുടെ ചുമതല വഹിക്കുന്ന മന്ത്രി ?

(A) കെ. സി. ജോസഫ് (B) ആര്യാടൻ മുഹമ്മദ് (C) കെ. ബാബു

174. പതിമൂന്നാം കേരള നിയമസഭയിലെ പ്രോടൈം സ്പീക്കർ ആരായിരുന്നു ?

(A) എൻ. ശക്തൻ (B) വർക്കല കഹാർ (C) പി. സി. ജോർജ്

175. പതിമൂന്നാം കേരള നിയമസഭയിലെ വനിതാ സാമാജികരുടെ എണ്ണം എത്ര ?

(A) 7 (B) 6 (C) 5

176. പതിമൂന്നാം കേരള നിയമസഭയിലെ ഒരംഗത്തിന്റെ അച്ഛനും ഭർത്താവും നിയമസഭാ സാമാജികരായിരുന്നു. ആരാണ് ആ അംഗം ?

(A) ജമീലാ പ്രകാശം (B) അയിഷാ പോറ്റി (C) കെ. കെ. ലതിക

177. തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ്സിന്റെ ആദ്യ യോഗം ചേർന്നത് 1938 ഫെബ്രുവരി മാസം 23-ാം തീയതി ആയിരുന്നു. ആരാണ് പ്രസ്തുത യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചിരുന്നത് ?

(A) സി. വി. കുഞ്ഞിരാമൻ (B) പട്ടം താണുപിള്ള (C) ടി. എം. വർഗ്ഗീസ്

178. സ്പീക്കറെ/ഡെപ്യൂട്ടി സ്പീക്കറെ തൽസ്ഥാനത്തുനിന്നും നീക്കം ചെയ്യണമെന്ന് ആവശ്യപ്പെടുന്ന പ്രമേയത്തിന് എത്ര ദിവസത്തെ നോട്ടീസ് ഭരണഘടനാ പ്രകാരം ആവശ്യമുണ്ട് ?

(A) 10 ദിവസത്തെ (B) 14 ദിവസത്തെ (C) 2 ദിവസത്തെ

179. ലക്ഷം വീട് പദ്ധതിയുടെ ഉപജ്ഞാതാവ് ആര് ?

(A) എം. എൻ. ഗോവിന്ദൻ നായർ (B) ടി. കെ. ദിവാകരൻ (C) ബേബി ജോൺ

180. വിമോചന സമരം ഏത് മന്ത്രിസഭയുടെ കാലത്താണ് ഉണ്ടായത് ?

(A) 1962-64 -ലെ ശങ്കർ മന്ത്രിസഭ (B) 1957-59 -ലെ ഇ.എം.എസ്. മന്ത്രിസഭ

(C) 1960-62 -ലെ പട്ടം താണുപിള്ള മന്ത്രിസഭ